**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3544** **15-02-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ആക്കേണ്ട ഓഫീസുകളുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ആഫീസുകൾ ആണ് സ്മാർട്ട് വില്ലേജ് ആഫീസുകൾ ആക്കി മാറ്റിയിട്ടുള്ളതെന്നും ഇനി സ്മാർട്ട് വില്ലേജ് ആക്കേണ്ട ഓഫീസുകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ ആകെയുള്ള 9 വില്ലേജ് ഓഫീസുകളിൽ മണ്ണൂർക്കര, വിതുര, അരുവിക്കര, വെള്ളനാട് എന്നീ വില്ലേജ് ഓഫീസുകളെ വിവിധ പദ്ധതികളിലുൾപ്പെടുത്തി സ്മാർട്ട് ആക്കിയിട്ടുള്ളതും വീരണകാവ് വില്ലേജ് ഓഫീസിന് സ്മാർട്ട് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി പ്ലാൻ സ്കീം 2023-24 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. അരുവിക്കര നിയോജക മണ്ഡലത്തിൽ ആര്യനാട്, ഉഴമലയ്ക്കൽ, പെരുംകുളം, തൊളിക്കോട് എന്നീ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുവാൻ ബാക്കിയുള്ളത്. |
| (ബി) | പ്രസ്തുത വില്ലേജ് ആഫീസുകൾ സ്മാർട്ട് വില്ലേജ് ആഫീസുകൾ ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കുമോ? | (ബി) | വിവിധ പദ്ധതികളിലുൾപ്പെടുത്തി അടുത്ത രണ്ട് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ